I/100009/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 11-10-2023

## അടിയന്തിര ക്വട്ടേഷൻ നോട്ടീസ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലേക്ക് മിഷൻ ഡയറക്ടറുടെ ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ ഒരു ഇന്നോവ വാഹനം ഡ്രൈവർ ഉൾപ്പെടെ പൂർണ്ണ സമയത്തേയ്ക്ക് വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ള, ടാക്സി രജിസ്ട്രേഷൻ ഉള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്ന്/ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 20.10.2023 ഉച്ചയ്ക്ക് 3 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3.15 മണിയ്ക്ക് തുറക്കുന്നതുമാണ്.

ക്വട്ടേഷൻ സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു. ക്വട്ടേഷൻ വിശദാംശങ്ങളും ഫോറവും സംസ്ഥാന മിഷന്റെ വെബ് സൈറ്റിലും പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ക്വട്ടേഷനുകൾ നൽകുന്ന കവറിന്റെ പുറത്ത് മുകൾ ഭാഗത്ത് "മിഷൻ ഡയറക്ടർ ഓഫീസ് വാഹന ക്വട്ടേഷൻ നോട്ടീസ് തീയതി........................" എന്ന് രേഖപ്പെടുത്തേണ്ടതാണ്. കരാർ തൃപ്തികരം അല്ലാത്തതിനാൽ ഈ ഓഫീസിൽ സേവനം അവസാനിപ്പിക്കപ്പെട്ടവരും, ഏതെങ്കിലും സർക്കാർ ഏജൻസികൾ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയവരും സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല..

**ക്വട്ടേഷനുകൾ ലഭിക്കേണ്ട വിലാസം**

മിഷൻ ഡയറക്ടർ
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
മൂന്നാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്,
വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം - 695033.

വിശ്വസ്തതയോടെ,

Signed by
Nizamudeen A I A S
Date: 11-10-2023 14:47:32
MISSION DIRECTOR

I/100009/2023

## നിബന്ധനകൾ

1. വാഹനം പൂർണ്ണ സമയത്തേയ്ക്ക് മിഷന് ലഭ്യമാക്കേണ്ടതാണ്. നൽകുന്ന വാഹനം മറ്റ് ഓട്ടങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
2. ഒരു മാസം ആകെ എത്ര കിലോമീറ്റർ ഓട്ടം, അതിന് ആവശ്യപ്പെടുന്ന മാസ നിരക്ക്, ഒരു മാസത്തേയ്ക്ക് ക്വോട്ട് ചെയ്യുന്ന കിലോമീറ്ററിലും ഓട്ടം അധികരിക്കുന്നപക്ഷം ഓരോ കിലോമീറ്ററിനും ഈടാക്കുന്ന അധിക നിരക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, ഏറ്റവും കുറഞ്ഞ മാസനിരക്കിൽ അധികമായി ഓടുന്ന കിലോമീറ്ററിനുള്ള തുക മൂന്ന് മാസത്തിൽ ആകെ ഓടേണ്ട ദൂരത്തെ ഒരു സ്ലാബ് ആയി പരിഗണിച്ച് അതിൽ അധികമായി വരുന്ന ദൂരത്തിനായിരിക്കും തുക അനുവദിക്കുന്നത്.
3. രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ ആയിരിക്കും ഡ്രൈവറുടെ സേവനം. അധിക സമയ സേവനത്തിന് സർക്കാർ അംഗീകൃത ബത്ത നൽകുന്നതാണ്.
4. കരാർ പ്രകാരം ലഭ്യമാക്കുന്ന വാഹനത്തിന്റെ മോഡൽ, ക്വോട്ട് ചെയ്യുന്ന നിരക്ക് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉയർന്ന സുരക്ഷിതത്വവും സൌകര്യങ്ങളും കാലപഴക്കം കുറവുമുള്ള വാഹനത്തിന് മുൻഗണന നൽകുന്നതാണ്.
5. വാഹനത്തിന്റെ നികുതികൾ, വാഹനത്തിന്റെയും യാത്രക്കാരുടെയും അപകട ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ, ഇന്ധന, റിപ്പയറിംഗ് ചെലവുകൾ മുതലായവയെല്ലാം വാഹന ഉടമയിൽ നിക്ഷിപ്തമായിരിക്കും.
6. തുക ക്വോട്ട് ചെയ്യുമ്പോൾ ഇൻകം ടാക്സ്, ജി.എസ്.റ്റി തുടങ്ങി എല്ലാ ഇനം നികുതികളും ചെലവുകളും ചേർത്തുള്ള തുക ക്വോട്ട് ചെയ്യേണ്ടതാണ്. ജി.എസ്.റ്റി, ഇൻകം ടാക്സ് എന്നിവ സ്രോതസ്സിൽ പിടിക്കുന്നതായിരിക്കും.
7. ക്വട്ടേഷൻ നൽകുന്ന ആളുടെ/ഏജൻസിയുടെ ഉടമസ്ഥതയിൽ ഉള്ളതും ടാക്സി രജിസ്ട്രേഷൻ ഉള്ളതുമായിരിക്കണം വാഹനം. കരാറുകാരന് പാൻ കാർഡ്, ബാങ്ക് അക്കൌണ്ട് എന്നിവ ഉണ്ടായിരിക്കേണ്ടതും സംസ്ഥാന മിഷൻ നിശ്ചയിക്കുന്ന വിധത്തിൽ ബാങ്ക് വഴി പേയ്മെന്റ് ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതുമാണ്.
8. ലഭ്യമാക്കുന്ന വാഹനം 2018-നോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തവയും 100000-ൽ തീഴെ കിലോമീറ്റർ ഓടിയതും മികച്ച പ്രവർത്തനക്ഷമതയുള്ളതും ആയിരിക്കണം.
9. കൂടുതൽ സൌകര്യങ്ങളും ഉയർന്ന ക്ലാസ്സിലുമുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നവർക്ക് ടെണ്ടർ തുകയിൽ അതിനനുസൃതമായ മുൻഗണന നൽകുന്നതാണ്.
10. വാഹനത്തിന്റെ അകവും പുറവും ദൈനംദിനം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
11. ക്വട്ടേഷൻ നോട്ടീസിൽ ഇല്ലാത്ത നിബന്ധനകളോടെ നൽകുന്നതായ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
12. ടെണ്ടർ ലഭിക്കുന്ന ആൾ ഇൻഷ്വറൻസ്, പൊല്യൂഷൻ സംബന്ധമായ എല്ലാ രേഖകളും ഉൾപ്പെടെ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
13. കരാർ അറിയിപ്പ് ലഭിച്ചു നിശ്ചയിക്കപ്പെട്ട തീയതികളിൽ സ്വന്തം ചെലവിൽ കരാർ വയ്ക്കേണ്ടതും, വയ്ക്കാത്തപക്ഷം അടുത്തയാൾക്ക് കരാർ നൽകുന്നതും, തുടർന്നുള്ള ക്വട്ടേഷനുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതുമാണ്.
14. ഒരു വർഷം ആയിരിക്കും കരാർ കാലയളവ്. കരാർ കാലയളവിൽ ഒരു കാരണവശാലും തുക വർദ്ധിപ്പിക്കുന്നതല്ല.
15. വാഹനം ഓഫീസിൽ നിന്ന് അനുമതി കൂടാതെയും ലോഗ് രേഖപ്പെടുത്താതെയും

കൊണ്ടുപോകാൻ പാട്ടുള്ളതല്ല. ലോഗുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് ഓട്ടം കഴിഞ്ഞാൽ ഉടൻ ഒപ്പ് വച്ച് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.

16. ഡ്രൈവറുടെ ലൈസൻസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ഡ്രൈവർമാർ മാറുന്ന ഇടവേളകളിൽ ഉൾപ്പെടെയുള്ള എല്ലാ അവസരങ്ങളിലും മുൻകൂട്ടി നൽകേണ്ടതാണ്.
17. ഡ്രൈവർമാർ മികച്ച പെരുമാറ്റം ഉള്ളവരും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർ അല്ലെന്നും വാഹന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.
18. ക്വട്ടേഷൻ സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
19. എല്ലാ ക്വട്ടേഷൻ/ടെണ്ടർ അനുബന്ധ രേഖകളും കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.
20. അടിയന്തിര ഘട്ടങ്ങളിൽ കാരണം രേഖപ്പെടുത്താതെ ക്വട്ടേഷൻ റദ്ദാക്കാനുള്ള അധികാരം മിഷൻ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
21. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അനുമതിപ്രകാരം വാഹനം പകരം സേവനത്തിന് എത്തിച്ചാൽ പുതിയ വാഹനത്തിന്റെ എല്ലാ രേഖകളും ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന വാഹനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചിരിക്കേണ്ടതാണ്.
22. ഏതെങ്കിലും കാരണവശാൽ കാലയളവിനു മുൻപ് കരാർ അവസാനിപ്പിക്കുന്നപക്ഷം ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കാലാവധിയുടെ ആനുപാതികമായ തുക വാടകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.
23. ക്വട്ടേഷൻ നിബന്ധനകൾ ലംഘിക്കുന്നപക്ഷം മുൻകൂർ നോട്ടീസ് ഇല്ലാതെ തന്നെ കരാർ അവസാനിപ്പിക്കുന്നതായിരിക്കും.

MISSION DIRECTOR

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസ്</u>**

വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ഫാറം

I/100009/2023

(ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്)

| | | |
|---|---|---|
| 1 | ക്വട്ടേഷൻ നൽകുന്ന വാഹന ഉടമസ്ഥന്റെ പേര്, ഏജൻസിയുടെ പേര്, പൂർണ്ണമായ മേൽവിലാസം (പിൻകോട് ഉൾപ്പെടെ) | |
| 2 | ഫോൺ നമ്പർ, ഇ-മെയിൽ | |
| 3 | ലഭ്യമാക്കുന്ന വാഹനത്തിന്റെ പേര്, നമ്പർ, മറ്റ് വിവരങ്ങൾ | |
| 4 | വാഹനത്തിന്റെ രജിസ്ട്രേഷൻ മാസവും വർഷവും | |
| 5 | ലഭ്യമാക്കുന്ന വാഹനം ക്വട്ടേഷൻ തീയതി വരെ ഓടിയ കിലോമീറ്റർ | |
| 6 | വാഹന ഉടമസ്ഥന്റെ മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്നതിന് ക്വട്ടേഷനോടൊപ്പം വയ്ക്കുന്ന രേഖകൾ, ആധാർ കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് (ഏതെങ്കിലും ഒന്നിന്റെ പകർപ്പ് വയ്ക്കുക) | |
| 7 | വാഹനം ഒരു മാസത്തേക്ക് ഓടാവുന്ന കിലോമീറ്ററും അതിന് ആവശ്യപ്പെടുന്ന മാസ നിരക്കും | …………….. km/മാസം Rs……………….. |
| 8 | ക്രമ നം. 7 പ്രകാരമുള്ള ദൂരത്തിന് അധികമായി വാഹനം ഓടുന്ന ഓരോ കിലോമീറ്ററിനും ആവശ്യപ്പെടുന്ന നിരക്ക് | അധികമായുള്ള ഓരോ കിലോമീറ്ററിനും ………… രൂപയ്ക്ക് ഓടുന്നതാണ്. |
| 9 | ക്വട്ടേഷൻ പ്രകാരമുള്ള സമയത്തിനപ്പുറം സേവനം ലഭ്യമാക്കേണ്ടി വന്നാൽ ആയതിനുള്ള ഡ്രൈവർ ബത്ത | Rs……………….. per മണിക്കൂർ/ദിവസം |

കരാർ കാലയളവിൽ സംസ്ഥാന മിഷൻ ആവശ്യപ്പെടുന്ന ഗുണനിലവാരമുള്ളതും, ഗതാഗത വകുപ്പും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിച്ച് പ്രവർത്തിക്കുന്നതും, നികുതികളും മറ്റ് അടവുകളും ഒടുക്കുന്നതും, ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസും കുറഞ്ഞത് 5 വർഷം പ്രവൃത്തി പരിചയവുമുള്ള ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കുന്നതാണെന്നും, വാഹനത്തിനും ഡ്രൈവർക്കും യാത്രക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ, കേടുപാടുകൾ എന്നിവയ്ക്ക് വാഹന പരിരക്ഷയും ലൈഫ് ഇൻഷുറൻസ് പരിരക്ഷയും സ്വന്തം ചെലവിൽ എടുക്കുന്ന വാഹന ഇൻഷുറൻസുകളിലൂടെ വഹിക്കുന്നതാണെന്നും സമ്മതിച്ചുകൊണ്ട് മേൽ സൂചിപ്പിച്ച നിരക്കുകളിൽ വാഹനം നൽകുന്നതിനും ഓടുന്നതിനും സമ്മതമാണെന്നും, ഇത് ഞാൻ തന്നെ രേഖപ്പെടുത്തി ഒപ്പ് വച്ചിട്ടുള്ളതാണെന്നും, ഇവ കരാറിന്റെ ഭാഗമാക്കുന്നതിന് സമ്മതമാണെന്നും പ്രസ്താവിക്കുന്നു.

ഒപ്പ്

പേര്

മേൽവിലാസം